Atal Mission for Rejuvenation and Urban Transformation

സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ്
(അമൃത്)
തദ്ദേശസ്വയംഭരണ വകുപ്പ്
കേരള സർക്കാർ

# അമൃത് വാർത്താപത്രിക

പുസ്തകം 1 | ലക്കം 1 | മേയ് 2021

# അരുവിക്കരയിലെ ജലശുദ്ധീകരണശാല നാടിന് സമർപ്പിച്ചു

തിരുവനന്തപുരം കോർപ്പറേഷനിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി അരുവിക്കരയിൽ നിർമ്മാണം പൂർത്തീകരിച്ച ജലശുദ്ധീകരണശാല പ്രധാനമന്ത്രി നാടിന് സമർപ്പിച്ചു.

തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽപെട്ട ഉയർന്ന പ്രദേശങ്ങളെല്ലാം തന്നെ ശുദ്ധജല ദൗർലഭ്യം നേരിടുന്ന സ്ഥലങ്ങളാണ്. നിർദ്ദിഷ്ട പ്ലാന്റ് പൂർത്തിയായതോടെ ഈ പ്രദേശങ്ങളിൽ ദിവസം മുഴുവൻ ശുദ്ധജലം ലഭ്യമാകും. ദിനംപ്രതി നിരവധി ആളുകൾ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന തലസ്ഥാന നഗരിയെ സംബന്ധിച്ച് ശുദ്ധജലത്തിന്റെ ആവശ്യകത വളരെ കൂടുതലാണ്. നിലവിലെ ജല ശുദ്ധീകരണ പ്ലാന്റിന് വർത്തമാനകാല ആവശ്യങ്ങൾക്കനുസരണമായി ജലം ശുചീകരിക്കാൻ സാധിക്കുമായിരുന്നില്ല. തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലും പ്രാന്ത പ്രദേശങ്ങളിലും അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമത്തിന് പുതിയ പ്ലാന്റ് പരിഹാരമാകും.

2018-ൽ ആരംഭിച്ച പദ്ധതിയുടെ നിർവ്വഹണചുമതല കേരളാ വാട്ടർ അതോറിറ്റിക്കായിരുന്നു. ഭരണാനുമതി തുക 70 കോടി രൂപയാണ്.




അരുവിക്കര ഡാമിൽ നിന്നും 735 എച്ച്.പി. പമ്പ് സെറ്റുപയോഗിച്ച് 370 മീറ്റർ ദൈർഘ്യത്തിൽ 1000 മി.മീ. വ്യാസമുള്ള മൈൽഡ് സ്റ്റീൽ പൈപ്പ് ലൈൻ വഴി ശുദ്ധീകരിക്കാനുള്ള ജലം ജലശുദ്ധീകരണശാലയിലെത്തിക്കുന്നു. അവിടെ നിന്നും ശുദ്ധീകരിച്ച ജലം 410 എച്ച്.പി. വീതം ശേഷിയുള്ള 4 പമ്പ് സെറ്റുകൾ ഉപയോഗിച്ച് 530 മീ. ദൈർഘ്യത്തിൽ 1000 മി.മീ. വ്യാസമുള്ള മൈൽഡ് സ്റ്റീൽ പൈപ്പ് ലൈൻ വഴി 30 മീ. ഉയരത്തിൽ പുതുതായി നിർമ്മിച്ച ബി.പി.റ്റി.യിൽ എത്തിച്ച് നിലവിലുള്ള പൈപ്പ് ലൈനുകളുമായി 1000 മി.മീ. വ്യാസമുള്ള മൈൽഡ് സ്റ്റീൽ പൈപ്പ് ലൈൻ കൂട്ടി യോജിപ്പിച്ച് തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലും വിതരണം നടത്തുവാനാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ജലശുദ്ധീകരണത്തിനായി പ്ലേറ്റ് സെറ്റ്ലർ (Lamella) സാങ്കേതിക വിദ്യയാണ് പുതിയ പ്ലാന്റിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നത്.



പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതോടെ തിരുവനന്തപുരം നഗരത്തിലെ 9.67 ലക്ഷം ജനങ്ങളുടെ പ്രതിദിന ശുദ്ധജല ലഭ്യത 100 ലിറ്ററിൽ നിന്ന് 150 ലിറ്റർ ആയി വർദ്ധിപ്പിക്കാൻ കഴിയും. അതോടൊപ്പം ജില്ലയിലെ പ്രധാന സ്ഥാപനങ്ങളായ വി.എസ്.എസ്.സി., മിലിട്ടറി ക്യാംപ്, ടി.ടി.പി., കെ.ടി.ഡി.സി, ഐ.ടി.ഡി.സി, വിമാനത്താവളം, സർക്കാർ ഓഫീസുകൾ, ഇതര സ്ഥാപനങ്ങൾ, സമീപ പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് ആവശ്യമായ ശുദ്ധജലം നൽകുന്നതിന് സാധിക്കും. അരുവിക്കരയിലെ നിലവിലുള്ള പ്ലാന്റുകളിൽ അറ്റകുറ്റ പണികൾ നടത്തേണ്ട അവസരത്തിൽ ശുദ്ധജലവിതരണം തടസ്സപ്പെടുന്ന സാഹചര്യം പുതിയ പ്ലാന്റ് വരുന്നതോടെ ഒഴിവാകും.

തദ്ദേശസ്വയംഭരണ വകുപ്പ്
കേരള സർക്കാർ

**ചീഫ് എഡിറ്റർ**

**ഡോ. രേണു രാജ് ഐ.എ.എസ്**
മിഷൻ ഡയറക്ടർ

**എഡിറ്റർ**

**എ.എൽ. ചാൾസ്**
ഡെപ്യൂട്ടി മിഷൻ ഡയറക്ടർ

**അസിസ്റ്റന്റ് എഡിറ്റർ**

സാവിയോ സജി ഇ.ആർ.

Atal Mission for Rejuvenation and Urban Transformation

**സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് (അമൃത്)**

നാലാം നില, മീനാക്ഷിപ്ലാസാ,
ആർടെക് ബിൽഡിംഗ്,
ഗവ. ആശുപത്രിക്ക് എതിർവശം,
തൈയ്ക്കാട്, തിരുവനന്തപുരം - 695014

ഫോൺ നം. : +91-471-2323856,
ഫാക്സ് : +91-471-2322857
വെബ്സൈറ്റ് : www.amrutkerala.org
ഇമെയിൽ : smmukerala@gmail.com

*(സ്വകാര്യ വിതരണത്തിന് മാത്രം)*



# എഡിറ്റോറിയൽ

കേരളത്തിലെ നഗരങ്ങളുടെ അടിസ്ഥാന ഭൗതീക സൗകര്യ വികസന പന്ഥാവിൽ വേറിട്ടൊരു വികസന സംസ്കാരമാണ് അമൃത് മിഷനിലൂടെ നടപ്പിലാക്കി വരുന്നത്. അതാത് നഗരങ്ങളുടെ ആവശ്യങ്ങളും അപര്യാപ്തതകളും തിരിച്ചറിഞ്ഞ് തദ്ദേശീയമായി ആസൂത്രണം ചെയ്ത പദ്ധതികൾ കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് വളരെ കാര്യക്ഷമമായും സുതാര്യമായും നടപ്പിലാക്കുവാൻ സാധിക്കുന്നു എന്നതാണ് അമൃത് പദ്ധതിയെ മറ്റ് പദ്ധതികളിൽ നിന്ന് വേറിട്ട് നിർത്തുന്നത്.

അടിസ്ഥാന സൗകര്യ വികസനത്തിനായി ശുദ്ധജല വിതരണം, സെപ്റ്റേജ് & സിവറേജ് മാനേജ്മെന്റ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ 5 മുൻഗണനാ മേഖലകൾ നിശ്ചയിച്ചാണ് അമൃത് പദ്ധതി നടപ്പിലാക്കുന്നത്. 2015 സെപ്റ്റംബർ 1 നാണ് കേരളത്തിലെ 9 നഗരങ്ങളിൽ അമൃത് പദ്ധതി ആരംഭിച്ചത്. പദ്ധതിയുടെ കാലാവധി 5 വർഷമാണ്. എന്നാൽ നിലവിൽ അത് 2022 മാർച്ച് വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

ആദ്യ മൂന്ന് വർഷങ്ങൾ അമൃത് നഗരങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ കർമ്മ പദ്ധതികൾ തയ്യാറാക്കുന്നതിനും കേന്ദ്ര സർക്കാരിൽ നിന്ന് പദ്ധതികൾക്ക് അനുമതി നേടുവാനുമാണ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. ഇപ്രകാരം തയ്യാറാക്കി 3 സംസ്ഥാന വാർഷിക കർമ്മ പദ്ധതികൾ പ്രകാരം 2357.69 കോടി രൂപയുടെ 1005 പദ്ധതികൾക്കാണ് കേന്ദ്ര സർക്കാരിൽ നിന്ന് അംഗീകാരം ലഭിച്ചിരിക്കുന്നത്. അത് കൂടാതെ അമൃത് പദ്ധതിയ്ക്കായി തിരഞ്ഞെടുക്കപ്പെട്ട 9 നഗരങ്ങളിലെ (സംസ്ഥാനത്തെ 6 കോർപ്പറേഷനുകളും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ 3 മുനിസിപ്പാലിറ്റികളും) വിവിധ ഭരണ പരിഷ്ക്കരണ നടപടികളും അമൃത് പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു.

അമൃത് പദ്ധതിയുടെ ഭാഗമായി ജലവിതരണ മേഖലയിൽ നടപ്പിലാക്കുന്ന ഭൂരിഭാഗം പദ്ധതികളും കേരള ജല അതോറിറ്റി മുഖേനയാണ് നടപ്പിലാക്കുന്നത്. സാങ്കേതികവും സ്ഥല ലഭ്യതയുമായി ബന്ധപ്പെട്ട ചില ബുദ്ധിമുട്ടുകൾ നേരിടുന്ന സെപ്റ്റേജ് ആന്റ് സിവറേജ് മാനേജ്മെന്റ് പദ്ധതികളിലെ ചുരുക്കം ചില പദ്ധതികൾ ഒഴിച്ച് ബാക്കി പദ്ധതികളെല്ലാം നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളാണ്. പദ്ധതികൾ പൂർത്തീകരിക്കരിക്കാൻ അമൃത് നഗരങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അക്ഷീണം പരിശ്രമിക്കുന്നുണ്ട്.

നിലവിൽ 673 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 1126 കോടി രൂപ നാളിതുവരെ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. കോവിഡ് മഹാമാരി പദ്ധതി പ്രവർത്തനങ്ങളുടെ വേഗത കുറച്ചെങ്കിലും. നിലവിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പദ്ധതി ത്വരിത ഗതിയിൽ മുന്നോട്ട് പോവുകയാണ്. പദ്ധതി നിർവ്വഹണ പുരോഗതിയുടെ വിശദാംശങ്ങൾ അമൃത് വെബ്സൈറ്റിൽ (www.amrutkerala.org) ലഭ്യമാണ്.

**മിഷൻ ഡയറക്ടർ**

# 'അമൃത്' - നാളിതുവരെ

രാജ്യത്തെ പാവപ്പെട്ടവരുടെയും പിന്നാക്ക ജനവിഭാഗങ്ങളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും നഗരങ്ങളിലെ അടിസ്ഥാന ഭൗതീക സൗകര്യങ്ങളും സേവനങ്ങളും പ്രത്യേകിച്ച് ശുദ്ധജല വിതരണം, ദ്രവമാലിന്യ സംസ്ക്കരണം, നഗര ഗതാഗതം തുടങ്ങിയ മേഖലകളിൽ നൽകുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് അമൃത് (അടൽ മിഷൻ ഫോർ റിജ്യുവിനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ).



അരുവിക്കരയിൽ നിർമ്മാണം പൂർത്തീകരിച്ച ജലശുദ്ധീകരണശാല പ്രധാനമന്ത്രി നാടിന് സമർപ്പിക്കുന്നു. തദവസരത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ അങ്കണത്തിൽ നടന്ന ഉദ്ഘാടന സമ്മേളനം

എല്ലാ വീടുകളിലും ശുദ്ധജലവിതരണത്തിനായുള്ള പൈപ്പ് കണക്ഷനും ദ്രവമാലിന്യത്തിനായുള്ള കണക്ഷനും ഉറപ്പു വരുത്തുക, നഗരങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തുറസ്സായ സ്ഥലങ്ങളും പാർക്കുകളും വികസിപ്പിക്കുകയും ഹരിതാഭമാക്കുകയും ചെയ്യുക, അന്തരീക്ഷ മലിനീകരണ തോത് കുറയ്ക്കുന്നതിനായി പൊതുഗതാഗത സംവിധാനങ്ങളിലേയ്ക്ക് മാറുകയും നോൺ മോട്ടോറൈസ്ഡ് ഗതാഗത സംവിധാനങ്ങൾക്കുള്ള സൗകര്യങ്ങൾ നിർമ്മിക്കുകയും ചെയ്യുക തുടങ്ങിയവയാണ് അമൃത് ലക്ഷ്യമിടുന്നത്.

ഈ ലക്ഷ്യങ്ങൾ കൈവരിക്കുമ്പോൾ കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളും സൂചകങ്ങളും വച്ച് സേവന നിലവാര സൂചികയിൽ (Service Level Benchmarks (SLBs)) പൗരന്മാർ പദ്ധതി വിലയിരുത്തും.

എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 500 നഗരങ്ങളിലാണ് അമൃത് പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിൽ 6 കോർപ്പറേഷനുകളിലും (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ) ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ 3 മുനിസിപ്പാലിറ്റികളിലുമായി 9 നഗരങ്ങളിലാണ് അമൃത് പദ്ധതി നടപ്പിലാക്കുന്നത്.

ഇതര കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും വ്യത്യസ്തമായി വികേന്ദ്രീകൃത ആസൂത്രണമാണ് അമൃത് പദ്ധതിയുടെ പ്രത്യേകത. നഗരസഭകളിലെ സേവനം മെച്ചപ്പെടുത്തുന്നതിനായി പദ്ധതി നിർദ്ദേശങ്ങൾ (Service Level Improvement Plan (SLIP)) തയ്യാറാക്കി അതാത് നഗരസഭാ കൗൺസിലുകൾ തങ്ങളുടെ നഗരങ്ങളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ അതിൽ നിന്നും തിരഞ്ഞെടുത്ത് സംസ്ഥാന സർക്കാരിന് അയയ്ക്കുകയും സംസ്ഥാനം അത് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് നൽകുകയും ചെയ്യുന്നു. അത്തരത്തിൽ വികേന്ദ്രീകൃതാസൂത്രണമാണ് അമൃത് പദ്ധതിയിലുള്ളത്. അതുകൊണ്ട് തന്നെ അതാത് നഗരങ്ങളുടെ സാഹചര്യങ്ങൾക്ക് അനുയോജ്യവും അവശ്യവുമായ പദ്ധതികളാണ് അമൃത് നഗരങ്ങളിൽ നടപ്പിലാക്കുന്നത്.

സെപ്റ്റംബർ 1, 2015 ന് കേരളത്തിൽ ആരംഭിച്ച പദ്ധതിയുടെ കാലാവധി അഞ്ച് വർഷമാണ് (2015-2020). എന്നാൽ നിലവിൽ 2022 മാർച്ച് വരെ പദ്ധതി കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. കേന്ദ്ര മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനത്തിനായി ശുദ്ധജല വിതരണം, സിവറേജ് ആന്റ് സെപ്റ്റേജ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ അഞ്ച് മേഖലകളിലായി 3 സംസ്ഥാന വാർഷിക കർമ്മ പദ്ധതികളിലുൾപ്പെടുത്തി 2357.69 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 1005 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിരിക്കുന്നത്.

നിലവിൽ 2268.94 കോടി രൂപയുടെ 1005 പദ്ധതികൾക്ക് ഭരണാനുമതിയും 2152.03 കോടി രൂപയുടെ 1000 പദ്ധതികൾക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 2144.94 കോടി രൂപയുടെ 1000 പദ്ധതികളുടെ ടെന്റർ നടപടികൾ നടത്തിയിട്ടുണ്ട്. 673 പദ്ധതികളുടെ നിർവ്വഹണം പൂർത്തീകരിച്ചിട്ടുണ്ട്. 1126 കോടി രൂപ നാളിതുവരെ ചെലവഴിച്ചു. കേന്ദ്ര വിഹിതം 50% സംസ്ഥാന വിഹിതം 30% തദ്ദേശ സ്ഥാപനങ്ങൾ 20% എന്ന ക്രമത്തിലാണ് അമൃത് പദ്ധതിയുടെ ധനവിനിയോഗം.

ഇതര കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്ന് വ്യത്യസ്തമായി മൂന്ന് ഘട്ടങ്ങളിലായാണ് പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്നത്. നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വാർഷിക പദ്ധതികളായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അംഗീകാരം വാങ്ങുന്നതാണ് ആദ്യഘട്ടം. അമൃത് പദ്ധതിക്കായി സംസ്ഥാന സർക്കാർ മൂന്ന് വാർഷിക കർമ്മ പദ്ധതികളാണ് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചത്. 2015-16 ൽ 583.30 കോടി രൂപയുടെ വാർഷിക കർമ്മ പദ്ധതിയും 2016-17 ൽ 865.84 കോടി രൂപയുടെ വാർഷിക കർമ്മ പദ്ധതിയും 2017-18 ൽ 908.55 കോടി രൂപയുടെ വാർഷിക കർമ്മ പദ്ധതിയുമാണ് സമർപ്പിച്ചത്. ഈ മൂന്ന് പദ്ധതികളിലുമായി 1005 ഉപപദ്ധതികളാണുള്ളത്. പദ്ധതി നിർദ്ദേശങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് മുൻഗണനാക്രമത്തിൽ നൽകിയിട്ടുള്ളത്.

അമൃത് പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന തലത്തിൽ സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റും നഗരസഭാ തലത്തിൽ സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റും പ്രവർത്തിച്ചുവരുന്നു. പദ്ധതി നിർവ്വഹണത്തിന്റെ മേൽനോട്ടം സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും വിവിധ വകുപ്പ് മേധാവികൾ അംഗങ്ങളുമായ സംസ്ഥാന തല ഉന്നതാധികാര സമിതിയാണ് നിർവ്വഹിക്കുന്നത്. പദ്ധതി സംബന്ധിച്ച സാങ്കേതിക വിഷയങ്ങളിൽ മേൽനോട്ടം വഹിക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (അർബൻ) അദ്ധ്യക്ഷനും വിവിധ വകുപ്പ് മേലധികാരികൾ അംഗങ്ങളുമായ സംസ്ഥാന തല സാങ്കേതിക സമിതിയാണ്. കൂടാതെ പദ്ധതിയുടെ ദൈനംദിന പുരോഗതി വിലയിരുത്തുന്നതിനായി നഗരസഭാ തലത്തിൽ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

പ്രധാനമായും 5 നിർവ്വഹണ ഘട്ടങ്ങളാണ് അമൃത് പദ്ധതിക്കുള്ളത്. സംസ്ഥാന വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയെടുക്കലാണ് ഒന്നാം ഘട്ടം. അമൃത് പദ്ധതിക്കായി സംസ്ഥാന സർക്കാർ മൂന്ന് വാർഷിക കർമ്മ പദ്ധതികളാണ് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി തയ്യാറാക്കി സമർപ്പിച്ചത്.

പദ്ധതികൾക്ക് സംസ്ഥാന വാർഷിക കർമ്മ പദ്ധതി (SAAP) അംഗീകാരം ലഭിച്ച ശേഷം വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്ന

താണ് രണ്ടാംഘട്ടം. വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗര സഭാ എഞ്ചിനീയറിംഗ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കരാറടിസ്ഥാനത്തിൽ എഞ്ചിനീയർമാരെയും ഓവർസിയർമാരെയും നിയമിച്ചിട്ടുണ്ട്.

പദ്ധതികളുടെ ഭരണാനുമതിയാണ് മൂന്നാം ഘട്ടം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കേരള വാട്ടർ അതോറിറ്റിയും തയ്യാറാക്കി നൽകിയിട്ടുള്ള വിശദമായ പദ്ധതി റിപ്പോർട്ടുകൾ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (അർബൻ) അധ്യക്ഷനായ സംസ്ഥാന തല സാങ്കേതിക സമിതി പരിശോധിച്ച് ശുപാർശയോടുകൂടി അമൃത് പദ്ധതിക്കായുള്ള ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല ഉന്നതാധികാര സമിതിക്ക് സമർപ്പിക്കുന്നു. വിവിധ വകുപ്പ് അദ്ധ്യക്ഷൻമാർ അംഗങ്ങളായുള്ള ഈ സമതി പദ്ധതികൾ പരിശോധിച്ച് ഭരണാനുമതി നൽകുന്നു. നാളിതുവരെ ഉന്നതാധികാര സമിതി 2268.94 കോടി രൂപയുടെ 1005 പദ്ധതികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി.

പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുകയെന്നതാണ് നാലാം ഘട്ടം. വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന വാട്ടർ സപ്ലൈ സെക്ടർ, സിവറേജ് & സെപ്റ്റേജ്, തുടങ്ങിയ പദ്ധതികളുടെ ഡി.പി.ആർ. പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിനുള്ള ചുമതല വാട്ടർ അതോറിറ്റിക്കും, നഗരസഭ നേരിട്ട് നടപ്പിലാക്കുന്ന വാട്ടർ സപ്ലൈ സെക്ടറിലെയും സിവറേജ് സെക്ടറിലെയും പദ്ധതികളുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള ചുമതല തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്കുമാണ്. സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിലെ പദ്ധതികളുടെ ഡി.പി.ആർ. പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിനുള്ള ചുമതല തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിനായതിനാൽ നഗരസഭാതലത്തിൽ തന്നെ മേയർമാർക്കും ചെയർമാൻമാർക്കും തുടർ നടപടികൾ സംബന്ധിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സാധിക്കുന്നു.


അരുവിക്കരയിലെ നിർമ്മാണം പൂർത്തീകരിച്ച ജലശുദ്ധീകരണശാല നാടിന് സമർപ്പിക്കുന്ന ചടങ്ങിൽ ബഹു. തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീൻ സംസാരിക്കുന്നു.

ടെന്ററിംഗ് നടത്തി വർക്ക് അവാർഡ് ചെയ്യലാണ് പദ്ധതിയുടെ അഞ്ചാം ഘട്ടം. സാങ്കേതികാനുമതി ലഭിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെ ആദ്യഘട്ടമാണ് ടെന്ററിംഗ്. ഡി.എസ്.ആർ. വ്യതിയാനവും പദ്ധതി തുക നിർണ്ണയിക്കാനുള്ള കാലതാമസവുമാണ് ടെന്ററിംഗ് വൈകിയതിന് കാരണം. എന്നാൽ ഇക്കാര്യങ്ങളിൽ ഇപ്പോൾ സർക്കാർ തലത്തിൽ തന്നെ വ്യക്തത കൈവരുത്തിയിട്ടുണ്ട്. ടെന്ററിംഗ് നടപടികൾ നടത്തേണ്ടത് കേരള വാട്ടർ അതോറിറ്റിയും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ്.


തിരുവനന്തപുരം കോർപ്പറേഷൻ കോമ്പൗണ്ടിൽ പൂർത്തീകരിച്ച മൾട്ടി ലെവൽ കാർപാർക്കിംഗ് സംവിധാനം

അമൃത് പദ്ധതിയിൽ നടപ്പിലാക്കുന്ന പദ്ധതികളെല്ലാം തന്നെ ശുദ്ധജലവിതരണം, സിവറേജ് & സെപ്റ്റേജ് മാനേജ്മെന്റ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് തുടങ്ങി 5 മേഖലകളിലായാണ് നടപ്പിലാക്കുന്നത്. ശുദ്ധജല വിതരണം, സിവറേജ് & സെപ്റ്റേജ് മാനേജ്മെന്റ് എന്നിവയാണ് മുൻഗണനാ മേഖലകൾ.

കേരളം ജലസമൃദ്ധിയുള്ള പ്രദേശമാണ്. എന്നാൽ ശുദ്ധജലം ഒരു ദുർലഭ വസ്തുവായി പരിണമിച്ചിരിക്കുന്നു. ശുദ്ധജല സ്രോതസ്സുകൾ വേണ്ട വിധം സംരക്ഷിക്കാത്തതുമൂലവും കാര്യക്ഷമമല്ലാത്തതും കാലഹരണപ്പെട്ടതുമായ ശുദ്ധജല വിതരണ സംവിധാനങ്ങൾ കാരണവും പലപ്പോഴും ശുദ്ധജല ദൗർലഭ്യം നമ്മുടെ സംസ്ഥാനത്തും അനുഭവപ്പെടാറുണ്ട്. അതുകൊണ്ടുതന്നെ അമൃത് നഗരങ്ങളിലെ ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്ന പദ്ധതികൾക്കാണ് പ്രഥമ പരിഗണന നൽകിയിരിക്കുന്നത്.

ജലശുദ്ധീകരണ പ്ലാന്റ് നിർമ്മാണം, ടാങ്ക് നിർമ്മാണം, പൈപ്പ് സ്ഥാപിക്കൽ തുടങ്ങി ശുദ്ധജല വിതരണ സെക്ടറിലെ 1124.57 കോടി രൂപയുടെ 175 പദ്ധതികൾക്ക് ഭരണാനുമതിയും 1093.62 കോടി രൂപയുടെ 173 പദ്ധതികൾക്ക് സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. 1088.39 കോടി രൂപയുടെ 173 പദ്ധതികൾ ടെന്റർ ചെയ്തിട്ടുണ്ട്. 1058.71 കോടി രൂപയുടെ 170 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ഇതിൽ 106 പദ്ധതികൾ പൂർത്തീകരിച്ചു. നാളിതുവരെ ഈ സെക്ടറിലെ പദ്ധതികൾക്കായി 737.89 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 165 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖാന്തിരവും ശേഷിക്കുന്ന 10 പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയുമാണ് നടപ്പിലാക്കുന്നത്

വർത്തമാന കാലത്തിൽ മാലിന്യ സംസ്ക്കരണം വലിയൊരു സാമൂഹ്യ പ്രശ്നമായി മാറിയിരിക്കുകയാണ്. ദ്രവ മാലിന്യ സംസ്കരത്തെ കുറിച്ച് വളരെ ഗൗരവമായി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.



കൊല്ലത്ത് ഹൈസ്കൂൾ ജംഗ്ഷനിൽ നിർമ്മാണം പൂർത്തിയാക്കിയ മേൽ നടപ്പാത

വളരെ പരിഷ്കൃത സമൂഹമെങ്കിലും ശാസ്ത്രീയമായി മാലിന്യങ്ങൾ സംസ്ക്കരിക്കുന്ന പദ്ധതികളോടും പ്ലാന്റുകളോടും ഒരു നിഷേധ സമീപനമാണ് പൊതു സമൂഹത്തിനുള്ളത്. വളരെ വേഗം നഗരവത്ക്കരിക്കപ്പെടുന്ന ഒരു സമൂഹത്തിന് മാലിന്യ സംസ്ക്കരണത്തിന്റെ പ്രാധാന്യം ഇനിയും ബോധ്യപ്പെടുത്തേണ്ടതുണ്ട്. സമഗ്രമായ ദ്രവ മാലിന്യ സംസ്ക്കരണം അമൃത് നഗരങ്ങളിൽ ലക്ഷ്യമിട്ടുകൊണ്ട് സ്വിവറേജ്&സെപ്റ്റേജ് മേഖലയിൽ 537.42 കോടി രൂപയുടെ 137 പദ്ധതികൾക്ക് ഭരണാനുമതിയും, 475.44 കോടി രൂപയുടെ 134 പദ്ധതികൾക്ക് സാങ്കേതികാനുമതിയും, 475.44 കോടി രൂപയുടെ 134 പദ്ധതികൾ ടെന്റർ ചെയ്യുകയും, അതിൽ 372.47 കോടി രൂപയുടെ 120 പദ്ധതികൾ വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിൽ 77 പദ്ധതികൾ പൂർത്തീകരിച്ചു. നാളിതുവരെ 70.42 കോടി രൂപ ഈ സെക്ടറിലെ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. 117 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖാന്തിരവും 20 പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയുമാണ് നടപ്പിലാക്കുന്നത്.

പദ്ധതികളുടെ ഭാഗമായി 9 സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെയും 18 സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെയും നിർമ്മാണവും വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ 9 സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റും 15 സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും 3 സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ കേരള വാട്ടർ അതോറിറ്റിയുമാണ് നിർമ്മാണ നിർവ്വഹണം നടത്തുന്നത്.

കേരളത്തിലെ നഗരങ്ങളിലെ ഓടകൾ മഴവെള്ളം ഒഴുക്കി കളയുന്നതിന് അപര്യാപ്തമാണ്. ഒരു ചെറിയ മഴ പെയ്താൽ പോലും നഗരം വെള്ളക്കെട്ട് ആകുകയും ഗതാഗത സ്തംഭനം ഉണ്ടാകുകയും ചെയ്യാറുണ്ട്. ഇതിനു പരിഹാരമായി അമൃത് നഗരങ്ങളിൽ ഓടകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിൽ ഉൾപ്പെടുത്തി 360.33 കോടി രൂപയുടെ 499 പദ്ധതികൾക്ക് ഭരണാനുമതിയും, 347.18 കോടി രൂപയുടെ 499 പദ്ധതികൾക്ക് സാങ്കേതികാനുമതിയും ലഭിച്ചു. 347.18 കോടി രൂപയുടെ 499 പദ്ധതികൾ ടെന്റർ ചെയ്യുകയും, അതിൽ 335.08 കോടി രൂപയുടെ 498 പദ്ധതികൾ വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു. 396 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ഈ സെക്ടറിലെ പദ്ധതികൾക്കായി 220.34 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ദ്രുതഗതിയിൽ നഗരവത്ക്കരണത്തിന് വിധേയമാകുന്ന നഗരങ്ങളാണ് കേരളത്തിലേത്. എന്നാൽ അതിനനുസരിച്ച് ഗതാഗത സൗകര്യങ്ങൾ ഒരുക്കി കൊടുക്കുവാൻ പലപ്പോഴും സംസ്ഥാനത്തിന് സാധിക്കാറില്ല. നഗരങ്ങളുടെ ആധുനികവത്ക്കരണത്തിന്റെ അടയാളങ്ങളാണ് കാൽ നടയാത്രക്കാർക്കും സൈക്കിൾ യാത്രക്കാർക്കും പ്രത്യേക സംവിധാനങ്ങളൊരുക്കുക എന്നത്. അമൃത് പദ്ധതിയിൽ അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ (നോൺ ട്രാൻസ്പോർട്ട്) ഉൾപ്പെടുത്തി സൈക്കിൾ ട്രാക്കുകളുടെയും നടപ്പാതകളുടെയും ഫുട് ഓവർ ബ്രിഡ്ജുകളുടെയും നിർമ്മാണമുൾപ്പടെ 200.61 കോടി രൂപയുടെ 122 പദ്ധതികൾക്ക് ഭരണാനുമതിയും, 190.49 കോടി രൂപയുടെ 122 പദ്ധതികൾക്ക് സാങ്കേതികാനുമതിയും ലഭിച്ചു. 188.63 കോടി രൂപയുടെ 122 പദ്ധതികൾ ടെന്റർ ചെയ്യുകയും, അതിൽ 168.47 കോടി രൂപയുടെ 119 പദ്ധതികൾ വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു. ഇതിൽ 57 പദ്ധതികൾ പൂർത്തീകരിച്ചു. നാളിതുവരെ ഈ സെക്ടറിലെ പദ്ധതികൾക്കായി 76.40 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

കൃത്യമായ ആസൂത്രണമില്ലാതെയാണ് കേരളത്തിലെ പല നഗരങ്ങളും രൂപംകൊണ്ടിട്ടുള്ളത്. അതുകൊണ്ട് തന്നെ നിർമ്മാണങ്ങളുടെയും സ്ഥാപനങ്ങളുടെ സ്ഥാപനകാര്യത്തിലും കൃത്യമായ ഒരു വിതരണക്രമം പാലിക്കാൻ സാധിച്ചിട്ടില്ല. നിർമ്മിതികൾ കൊണ്ട് നഗരം ശ്വാസം മുട്ടുകയാണ്. ഒഴിവുള്ള സ്ഥലങ്ങളാകട്ടെ മാലിന്യ കൂമ്പാരങ്ങളുമാണ്. ആയതിനാൽ അമൃത് നഗരങ്ങളിലെ തുറസ്സായ സ്ഥലങ്ങളുടെയും പാർക്കുകളുടെയും നവീകരണത്തിനും നിർമ്മിതിയ്ക്കുമായി പാർക്ക് സെക്ടറിൽ ഉൾപ്പെടുത്തി 46.01 കോടി രൂപയുടെ 72 പദ്ധതികൾക്ക് ഭരണാനുമതിയും, 45.30 കോടി രൂപയുടെ 72 പദ്ധതികൾക്ക് സാങ്കേതികാനുമതിയും ലഭിച്ചു. 45.30 കോടി രൂപയുടെ 72 പദ്ധതികൾ ടെന്റർ ചെയ്യുകയും, അതിൽ 42.16 കോടി രൂപയുടെ 72 പദ്ധതികൾ വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു. ഇതിൽ 37 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ഈ സെക്ടറിലെ പദ്ധതികൾക്കായി 20.95 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.



കോഴിക്കോട് പുതിയ ബസ്റ്റാന്റിന് സമീപം നിർമ്മിച്ച മേൽ നടപ്പാതയുടെ ഭാഗമായ എസ്കലേറ്റർ സംവിധാനം

നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം കൂടാതെ തദ്ദേശ നഗര സ്ഥാപനങ്ങളുടെ കാര്യശേഷി വികസനവും പരിഷ്ക്കരണങ്ങളും അമൃത് പദ്ധതി ലക്ഷ്യമിടുന്നുണ്ട്. നഗരസഭകളിൽ നിന്ന് പൗരൻമാർക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുക, സേവന വിതരണത്തിനുള്ള ചെലവ് കുറയ്ക്കുക, നഗരസഭകളുടെ സാമ്പത്തികശേഷി മെച്ചപ്പെടുത്തുക, വിഭവശേഷി വർദ്ധിപ്പിക്കുക, സുതാര്യത ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങൾക്കായുള്ള 11 നഗര ഭരണ പരിഷ്ക്കരണങ്ങളും അവ കൈവരിക്കുന്നതിനുള്ള 54 നാഴികക്കല്ലുകളുമാണ് പരിഷ്ക്കരണങ്ങൾ നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്.

പരിഷ്ക്കരണങ്ങളുടെ ഭാഗമായി നഗരസഭകൾ കൈവരിച്ച നേട്ടങ്ങൾ സ്വയം വിലയിരുത്തി വാർഷിക സ്കോർ കാർഡ് സംസ്ഥാനത്തിന് നൽകുകയും സംസ്ഥാനങ്ങൾ അവ ക്രോഡീകരിച്ച് കേന്ദ്ര നഗരവികസന മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിൽ ടൗൺ & കൺട്രി പ്ലാനിംഗ് ഓർഗനൈസേഷൻ (TCPO) എന്ന സ്ഥാപനം നഗരസഭകളിലെ പരിഷ്ക്കരണങ്ങളെയും അവ കൈവരിച്ച നേട്ടങ്ങളെയും പുനരവലോകനം ചെയ്ത് സംസ്ഥാനങ്ങൾ സ്കോർ നേടിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നു. സ്കോർ 70% ത്തിൽ കൂടുതലാണെങ്കിൽ കേന്ദ്രമന്ത്രാലയം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയുടെ 10% തുക പ്രോത്സാഹനമായി അനുവദിക്കുന്നു.

ഇതിന്റെ ഭാഗമായി കഴിഞ്ഞ നാലു വർഷമായി സംസ്ഥാനം അമൃത് നഗരങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിഷ്ക്കാരങ്ങൾ വർഷാവർഷം കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും തുടർച്ചയായി നാലുവർഷം പരിഷ്ക്കരണ നാഴികക്കല്ലുകൾ കൈവരിച്ചതിന് പ്രോത്സാഹനമായി 59.82 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്.


തൃശ്ശൂർ കോർപ്പറേഷനിൽ പൂർത്തീകരിച്ച പീച്ചിയിലെ 20 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല സംസ്ക്കരണ പ്ലാന്റ്

അമൃത് പദ്ധതി പരിഷ്ക്കരണ നാഴികക്കല്ലുകൾ കൈവരിച്ചതിന് പ്രോത്സാഹനമായി തുടർച്ചയായി 4 വർഷവും പ്രോത്സാഹന തുക ലഭിച്ചത് ആകെയുള്ള 36 ൽ 12 സംസ്ഥാന-കേന്ദ്രഭരണ പ്രദേശങ്ങൾക്കാണ്. ഈ പ്രോത്സാഹന തുക തുടർച്ചയായി നേടിയ 12 സംസ്ഥാന -കേന്ദ്രഭരണ പ്രദേശങ്ങളിലൊന്നാണ് നമ്മുടെ സംസ്ഥാനം. അമൃത് പരിഷ്ക്കരണ നേട്ടങ്ങളിൽ 7-ാം സ്ഥാനമാണ് ദേശീയതലത്തിൽ കേരളം കൈവരിച്ചത്.

അമൃത് പദ്ധതിയുടെ ഭാഗമായി ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലന പരിപാടികൾ സംഘടിപ്പിച്ചിരുന്നു. നാളിതുവരെ 2053 പേർക്ക് അമൃത് കാര്യശേഷി വികസന പരിപാടിയുടെ ഭാഗമായി പരിശീലനം നൽകിയിട്ടുണ്ട്.

അമൃത് പദ്ധതിയുടെ ഭാഗമായി 9 അമൃത് നഗരങ്ങളിലും ക്രെഡിറ്റ് റേറ്റിംഗ് നടത്തുകയുണ്ടായി. ഇതിൽ തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകൾ മുനിസിപ്പൽ ബോണ്ട് പുറപ്പെടുവിക്കുന്നതിനുള്ള യോഗ്യത നേടി. മറ്റ് നഗരങ്ങളുടെ ക്രെഡിറ്റ് റേറ്റിംഗ് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അമൃത് നഗരങ്ങളിൽ ജി.ഐ.എസ്. അടിസ്ഥാനമാക്കിയുള്ള കരട് മാസ്റ്റർ പ്ലാൻ കേന്ദ്രത്തിൽ സമർപ്പിച്ചിരിക്കുകയാണ്. അമൃതിനോടനുബന്ധിച്ച് പൈലറ്റ് പദ്ധതിയായി Local Area Plan & Town Planning Scheme (LAP&TPS) തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതികളെല്ലാം തന്നെ 2022 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനായുള്ള ത്വരിതമായ നടപടികൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ അമൃത് ഉന്നതാധികാര സമിതിയുടെ നേതൃത്വത്തിൽ ചെയ്തു വരുന്നു. കൂടാതെ മിഷൻ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഓരോ മാസത്തിലും, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഓരോ മൂന്ന് മാസത്തിലും പദ്ധതി അവലോകന യോഗം നടത്തിവരുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നഗരസഭ കൾ നേരിടുന്ന പ്രശ്നങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനായി സാങ്കേതിക മേഖലയിലെ വിദഗ്ദ്ധർ അടങ്ങിയ ഒരു ടീം അമൃത് മിഷൻ ഡയറക്ടറുടെയും ഡെപ്യൂട്ടി മിഷൻ ഡയറക്ടറുടെയും നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു.


കൊച്ചി കോർപ്പറേഷനിലെ ടി.പി. കനാലിൽ നവീകരണ പ്രവൃത്തികൾ നടത്തുന്നു

## അമൃത് നഗരങ്ങളിലൂടെ...........

# തിരുവനന്തപുരം

കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരം നഗരത്തിന്റ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ടുകൊണ്ട് 357.50 കോടി രൂപയുടെ 270 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 360.12 കോടി രൂപയുടെ 270 പദ്ധതികൾക്ക് ഭരണാനുമതിയും 331.24 കോടി രൂപയുടെ 270 പദ്ധതികൾക്ക് സാങ്കേതികാനുമതിയും നൽകി. 331.24 കോടി രൂപയുടെ 270 പദ്ധതികളുടെ ടെന്റർ നടപടികൾ പൂർത്തീകരിച്ചു. 317.04 കോടി രൂപയുടെ 263 പദ്ധതികളുടെ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ഇതിൽ 218 പദ്ധതികൾ പൂർത്തീകരിച്ചു. നാളിതുവരെ പദ്ധതിക്കായി 183.01 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

തിരുവനന്തപുരം കോർപ്പറേഷനിൽ ജലവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലെ പഴയ പൈപ്പ് ലൈനുകൾ പുതിയവ സ്ഥാപിക്കുന്നതിനും വാട്ടർ മീറ്റർ, ഓഫീസ് സംവിധാനം തുടങ്ങിയ സ്മാർട്ട് ആക്കുന്നതിനും ജല സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുമായി നഗരത്തിലെ വിവിധ പ്രദേശങ്ങളിലായി 99.04 കോടി രൂപയുടെ 45 പദ്ധതികളാണ് നടപ്പിലാക്കുന്നത്. 39 പദ്ധതികൾ പൂർത്തീകരിച്ചു. ഈ സെക്ടറിൽ 75.84 കോടി രൂപ ചെലവഴിച്ചു.

ദ്രവ മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിലവിലെ സിവറേജ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി 176.24 കോടി രൂപയുടെ സമഗ്ര പദ്ധതിയും വികേന്ദ്രീകൃത സിവറേജ് പദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജിൽ 19 കോടി രൂപ ചെലവിൽ 5 MLD ശേഷിയുള്ള സിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പദ്ധതിയുമാണ് നടപ്പിലാക്കുന്നത്. ആകെയുള്ള 114 പദ്ധതികളിൽ 77 പദ്ധതികൾ പൂർത്തിയാക്കി. 67.49 കോടി രൂപ ചെലവഴിച്ചു.



അരുവിക്കരയിൽ പൂർത്തീകരിച്ച ജലസംസ്ക്കരണ പ്ലാന്റ്

നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി 65 കി.മീ ദൈർഘ്യത്തിൽ ഓടകളുടെ നിർമ്മാണത്തിനായി 61.07 കോടി രൂപയുടെ 103 പദ്ധതികളാണ് നടപ്പിലാക്കുന്നത്. 100 പദ്ധതികൾ പൂർത്തീകരിച്ചു. 33.10 കോടി രൂപ ചെലവഴിച്ചു.

തിരുവനന്തപുരം നഗര ഹൃദയമായ കിഴക്കേകോട്ട, ചാല ഭാഗത്തെ വാഹനങ്ങളുടെ പാർക്കിംഗ് സ്ഥലങ്ങളുടെ അപര്യാപ്തത പരിഹരിക്കാനായി പുത്തരിക്കണ്ടം മൈതാനത്തും മെഡിക്കൽ കോളേജ് ഭാഗത്തെ പാർക്കിംഗിനായി മെഡിക്കൽ കോളേജ് പരിസരത്തും മ്യൂസിയം, പബ്ലിക് ആഫീസ്, തിരുവനന്തപുരം കോർപ്പറേഷൻ എന്നിവിടങ്ങളിലെ പാർക്കിംഗിനായി കോർപ്പറേഷൻ ഓഫീസ് പരിസരത്തും 31.73 കോടി രൂപ ചെലവിൽ മൾട്ടി ലെവൽ കാർപാർക്കിംഗ് സംവിധാനം ഒരുക്കുന്നു. ഇതിൽ കോർപ്പറേഷൻ ഓഫീസ് പരിസരത്തെ പാർക്കിംഗ് സംവിധാനം നിർമ്മാണം പൂർത്തിയായി.

പാർക്കുകളുടെയും തുറസ്സായ സ്ഥലങ്ങളുടെയും നവീകരണ പ്രവർത്തിയിൽ ഉൾപ്പെടുത്തി സൈക്കിൾ ട്രാക്ക്, നടപ്പാത, കുട്ടികളുടെ കളിസ്ഥലം എന്നിവയുൾപ്പെടുന്ന 5.55 കോടി രൂപയുടെ പാർക്ക്, സ്റ്റേഷൻ കടവു മുതൽ പൗണ്ട് കടവ് വരെ 1 കി.മീ. നീളത്തിൽ നിർമ്മിക്കുന്നു.

## അമൃത് നഗരങ്ങളിലൂടെ...........

# കൊല്ലം

കൊല്ലം നഗരത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ടുകൊണ്ട് കൊല്ലം കോർപ്പറേഷനിൽ ശുദ്ധജല വിതരണം, സിവറേജ് ആന്റ് സെപ്റ്റേജ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ അഞ്ച് മേഖലകളിലായി 253.45 കോടി രൂപയുടെ 58 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 206.78 കോടി രൂപയുടെ 58 പദ്ധതികൾക്ക് ഭരണാനുമതിയും 203.51 കോടി രൂപയുടെ 58 പദ്ധതികൾക്ക് സാങ്കേതികാനുമതിയും നൽകി. 203.51 കോടി രൂപയുടെ 58 പദ്ധതികളുടെ ടെന്റർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 177.12 കോടി രൂപയുടെ 55 പദ്ധതികളുടെ വർക്ക് അവാർഡ് ചെയ്തു. ഇതിൽ 30 പദ്ധതികൾ പൂർത്തീകരിച്ചു. നാളിതുവരെ പദ്ധതിക്കായി 56.24 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

കൊല്ലം കോർപ്പറേഷൻ പ്രദേശത്ത് സമ്പൂർണ്ണമായി കുടിവെള്ളം എത്തിക്കുന്നതിന്റെ ഭാഗമായി ഞാങ്കടവിൽ തടയണ നിർമ്മാണവും, വസൂരിച്ചിറയിൽ 100 MLD ശേഷിയുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണവും, പമ്പിംഗ് സ്റ്റേഷൻ നവീകരണം, മഴ കൊയ്ത്ത് തുടങ്ങി 121.19 കോടി രൂപയുടെ പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലാണ്.

കൊല്ലം നഗരത്തിലെ ദ്രവമാലിന്യ സംസ്ക്കരം കാര്യക്ഷമമാക്കുന്നതിന് വേണ്ടി 31.92 കോടി രൂപ ചെലവിൽ 12 MLD സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമാണം കുരീപ്പുഴയിൽ പുരോഗമിച്ചു വരുന്നു. നഗരത്തിൽ മഴക്കാലത്ത് വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി 29.16 കോടി രൂപ ചെലവിൽ 34 കി.മീ. ദൈർഘ്യത്തിൽ ഓട നിർമ്മാണം, പദ്ധതി നിർവ്വഹണം പുരോഗമിച്ചു വരുന്നു. നഗരത്തിലെ പാർക്കിംഗ് സൗകര്യം വിപുലീകരിക്കുന്നതിന്റെ ഭാഗമായി റെയിൽവെ സ്റ്റേഷനുസമീപം അലക്കുകുഴിയിൽ 10 കോടി രൂപയുടെ മൾട്ടി ലെവൽ കാർ പാർക്കിംഗ് സംവിധാന പദ്ധതി ടെന്റർ ചെയ്തിട്ടുണ്ട്. കൂടാതെ കാൽനടയാത്രക്കാരുടെ സുരക്ഷ മുൻനിർത്തി നഗരത്തിലെ 5 പ്രധാന റോഡുകളിൽ മേൽപ്പാല നിർമ്മാണവും 2 കി.മീ. ദൈർഘ്യത്തിൽ നടപ്പാത നിർമ്മാണവും 7.72 കോടി രൂപ ചെലവിൽ നടന്നുവരുന്നു. പാർക്കുകളുടെയും തുറസ്സായ സ്ഥലങ്ങളുടെയും നവീകരണത്തിനായി 3.73 കോടി രൂപയാണ് കൊല്ലം കോർപ്പറേഷന് അമൃത് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്.



നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച നെഹ്റു & ടി.കെ. ദിവാകരൻ പാർക്ക്

## അമൃത് നഗരങ്ങളിലൂടെ...........

# ആലപ്പുഴ

ആലപ്പുഴ മുനിസിപ്പാലിറ്റിയുടെ അടിസ്ഥാന ഭൗതിക സൗകര്യ വികസനം ത്വരിതപ്പെടുത്തുവാനായി ശുദ്ധജല വിതരണം, സിവറേജ് ആന്റ് സെപ്റ്റേജ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ അഞ്ച് മേഖലകളിലായി 222.70 കോടി രൂപയുടെ 195 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 219.34 കോടി രൂപയുടെ 195 പദ്ധതികൾക്ക് ഭരണാനുമതിയും 215.17 കോടി രൂപയുടെ 192 പദ്ധതികൾക്ക് സാങ്കേതികാനുമതിയും നൽകി. 215.18 കോടി രൂപയുടെ 192 പദ്ധതികളുടെ ടെന്റർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 208.22 കോടി രൂപയുടെ 186 പദ്ധതികളുടെ വർക്ക് അവാർഡ് ചെയ്തു. 124 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയ്ക്കായി 149.98 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ധാരാളം ജല സമ്പത്തുള്ള നഗരമാണ് ആലപ്പുഴ. ഈ ജലസമ്പത്ത് ശുദ്ധീകരിച്ച് എല്ലാവർക്കും എത്തിച്ചുകൊടുക്കുക എന്ന ശ്രമകരമായ ലക്ഷ്യം മുൻനിർത്തി ആലപ്പുഴ നഗരത്തിലെ 4 മേഖലകളിലെ കുടിവെള്ള വിതരണ ശൃംഖലകളിലെ പഴയ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനും ഓവർ ഹെഡ് ടാങ്കുകൾ സ്ഥാപിക്കുന്നതിനുമായി 150.78 കോടി രൂപയുടെ



നവീകരിച്ച അവലൂർ മഠം ക്ഷേത്ര കവാട കനാൽ

പദ്ധതികളാണ് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്. ദ്രവ മാലിന്യ സംസ്കരണത്തിന് 3.05 കോടി രൂപ ചെലവിൽ ആലപ്പുഴ ജനറൽ ആശുപത്രി വളപ്പിൽ സ്ഥാപിക്കുന്ന സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ടെന്റർ നടപടികൾ പൂർത്തീകരിച്ചു. കൂടാതെ 2.80 കോടി രൂപ ചെലവിൽ 2 മൊബൈൽ സെപ്റ്റേജ് ട്രീറ്റമെന്റ് പ്ലാന്റുകളുടെ നിർമ്മാണവും അമൃത് പദ്ധതി ലക്ഷ്യമിടുന്നുണ്ട്. ആലപ്പുഴ നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും തോടുകൾ സംരക്ഷിക്കുന്നതിനും 36 കി.മീ ദൈർഘ്യത്തിൽ ഓട നിർമ്മിക്കുന്നതിനായി 48.17 കോടി രൂപ ചെലവിൽ 144 പദ്ധതികളുടെ നിർവ്വഹണം പുരോഗമിച്ചു വരുന്നു. ആലപ്പുഴ നഗരത്തിൽ കാൽനടയാത്രക്കാർക്ക് സൗകര്യമൊരുക്കുന്നതിനും സുരക്ഷയൊരുക്കുന്നതിനുമായി നഗരത്തിലെ 12 മേഖലകളിൽ ഫുട്ഓവർ ബ്രിഡ്ജ് നിർമ്മാണവും ഫുട്പാത് നിർമ്മാണവും ഉൾപ്പടെയുള്ള 9.29 കോടിയുടെ 26 പദ്ധതികളുടെ നിർമ്മാണ നിർവ്വഹണം പുരോഗമിക്കുന്നു. ആലപ്പുഴ നഗരസഭാ പ്രദേശത്തെ പാർക്കുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി ഉപയോഗ യോഗ്യമാക്കുന്നതിന് 4.16 കോടി രൂപ ചെലവിൽ 8 പാർക്കുകളുടെ നവീകരണ പ്രവർത്തികൾ നടന്നു വരുന്നു.

## അമൃത് നഗരങ്ങളിലൂടെ...........

# കൊച്ചി




നവീകരിച്ച എം.ജി. റോഡിലെ നടപ്പാത

കേരളത്തിന്റെ വാണിജ്യ തലസ്ഥാനവും മെട്രോ നഗരവുമായ കൊച്ചിയുടെ അടിസ്ഥാന ഭൗതീക വികസനം പ്രാധാന്യമേറിയതാണ്. വർത്തമാനകാല കൊച്ചിയുടെ ആവശ്യങ്ങളറിഞ്ഞ് ശുദ്ധജല വിതരണം, സിവറേജ് ആന്റ് സെപ്റ്റേജ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ അഞ്ച് മേഖലകളിലായി കൊച്ചി കോർപ്പറേഷനിൽ 328.77 കോടി രൂപയുടെ 98 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 272.06 കോടി രൂപയുടെ 98 പദ്ധതികൾക്ക് ഭരണാനുമതിയും 264.46 കോടി രൂപയുടെ 98 പദ്ധതികൾക്ക് സാങ്കേതികാനുമതിയും നൽകി. 264.46 കോടി രൂപയുടെ 98 പദ്ധതികളുടെ ടെന്റർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 216.23 കോടി രൂപയുടെ 95 പദ്ധതികളുടെ വർക്ക് അവാർഡ് ചെയ്തു. ഇതിൽ 70 പദ്ധതികൾ പൂർത്തീകരിച്ചു. പദ്ധതിയ്ക്കായി നാളിതുവരെ 124.95 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

കൊച്ചി കോർപ്പറേഷനിലെ ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതും 137 ലക്ഷം ലിറ്റർ ശേഷിയുള്ള റിസർവോയർ നിർമ്മാണവും ഉൾപ്പടെയുള്ള 114.84 കോടി രൂപയുടെ പദ്ധതികളാണ് നിർവ്വഹണം നടന്നു വരുന്നു. മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ദ്രവ മാലിന്യ സംസ്കരണത്തിനായി 58.26 കോടി രൂപ ചെലവിൽ 4 സിവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. പദ്ധതികളുടെ നിർവ്വഹണ പ്രവർത്തികൾ നടന്നുവരുന്നു.

കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി നഗരത്തിലെ തോടുകളുടെ സംരക്ഷണ ഭിത്തി കെട്ടലും 55 കി.മീ ദൈർഘ്യത്തിൽ ഓട നിർമ്മാണവും ഉൾപ്പടെയുള്ള പദ്ധതികൾ 60.89 കോടി രൂപ ചെലവിൽ നടന്നുവരുന്നു. കൊച്ചി നഗരത്തിലെ കാൽനടയാത്രക്കാരുടെ സുരക്ഷയ്ക്കും സൗകര്യത്തിനുമായി കോർപ്പറേഷന്റെ വിവിധ ഭാഗങ്ങളിൽ നടപ്പാതകളുടെ നവീകരണത്തിനായി 31.24 കോടി രൂപ ചെലവിൽ വിവിധ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ നഗരത്തിലെ 5 പാർക്കുകളും 4.01 കോടി രൂപ ചെലവിൽ അമൃത് പദ്ധതിയുടെ ഭാഗമായി നവീകരിക്കുന്നുണ്ട്.

## അമൃത് നഗരങ്ങളിലൂടെ...........

# തൃശ്ശൂർ

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിൽ അടിസ്ഥാന ഭൗതീക സൗകര്യ വികസനത്തിനായി ശുദ്ധജല വിതരണം, സ്വിവറേജ് ആന്റ് സെപ്റ്റേജ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ അഞ്ച് മേഖലകളിലായി തൃശ്ശൂർ കോർപ്പറേഷനിൽ 269.93 കോടി രൂപയുടെ 109 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 259.62 കോടി രൂപയുടെ 109 പദ്ധതികൾക്ക് ഭരണാനുമതിയും 238.05 കോടി രൂപയുടെ 108 പദ്ധതികൾക്ക് സാങ്കേതികാനുമതിയും നൽകി. 238.05 കോടി രൂപയുടെ 108 പദ്ധതികളുടെ ടെന്റർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 191.75 കോടി രൂപയുടെ 107 പദ്ധതികളുടെ വർക്ക് അവാർഡ് ചെയ്തു. ഇതിൽ 74 പദ്ധതികൾ പൂർത്തീകരിച്ചു. നാളിതുവരെ പദ്ധതിക്കായി 124.29 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

തൃശ്ശൂർ നഗരത്തിലെ ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ കോർപ്പറേഷൻ പ്രദേശത്തെ പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനും റിസർവോയർ നിർമ്മിക്കുന്നതും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതും ഉൾപ്പടെ 136.17 കോടി രൂപയുടെ പദ്ധതികളാണ് അമൃതിലൂടെ നടപ്പിലാക്കുന്നത്.



നവീകരിച്ച നെഹ്റു പാർക്ക്

തൃശ്ശൂർ കോർപ്പറേഷനിലെ ദ്രവമാലിന്യ സംസ്കരണത്തിനായി സ്വിവറേജ് നെറ്റ് വർക്കും, വികേന്ദ്രീകൃത സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റും, ജില്ലാ ആശുപത്രിയിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കുന്നതിനായി 60.42 കോടി രൂപ ചെലവിൽ വിവിധ പദ്ധതികൾ നടന്നു വരുന്നു.നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി അമൃത് പദ്ധതിയുടെ ഭാഗമായി 60 കി.മീ ദൈർഘ്യത്തിൽ 41.31 കോടി രൂപ ചെലവിൽ ഓട നിർമ്മാണം പുരോഗമിച്ചു വരുന്നു. കാൽനട യാത്രക്കാരുടെ സുരക്ഷയ്ക്കും സൗകര്യത്തിനുമായി അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ ഉൾപ്പെടുത്തി എം.ജി. റോഡിൽ സബ് വേ, ശക്തൻ നഗറിൽ സ്കൈ വാക്, വടക്കേനട ബസ് സ്റ്റാൻഡിൽ ഫുട് ഓവർ ബ്രിഡ്ജ് ഉൾപ്പടെ 16.83 കോടി രൂപ ചെലവിൽ 19 പദ്ധതികളുടെ നിർമ്മാണ നിർവ്വഹണം നടന്നു വരുന്നു. നഗരത്തിലെ തുറസ്സായ സ്ഥലങ്ങളുടെയും പാർക്കുകളുടെയും നവീകരണത്തിനായി 4.89 കോടി രൂപ ചെലവിൽ 6 പാർക്കുകളുടെ നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നു. ഇതിൽ 2 പാർക്കുകളുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

## അമൃത് നഗരങ്ങളിലൂടെ...........

# ഗുരുവായൂർ



നവീകരിച്ച ബ്രഹ്മകുളം ഇ.കെ. നായനാർ പാർക്ക്

ക്ഷേത്ര നഗരിയായ ഗുരുവായൂരിൽ അടിസ്ഥാന ഭൗതീക സൗകര്യ വികസനത്തിനായി ശുദ്ധജല വിതരണം, സ്വിവറേജ് ആന്റ് സെപ്റ്റേജ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ അഞ്ച് മേഖലകളിലായി ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ 203.10 കോടി രൂപയുടെ 34 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 218.30 കോടി രൂപയുടെ (പുതുക്കിയ ഭരണാനുമതി പ്രകാരം) 34 പദ്ധതികൾക്ക് ഭരണാനുമതിയും 213.71 കോടി രൂപയുടെ 33 പദ്ധതികൾക്ക് സാങ്കേതികാനുമതിയും നൽകി. 213.71 കോടി രൂപയുടെ 33 പദ്ധതികളുടെ ടെന്റർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 213.71 കോടി രൂപയുടെ 33 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു. ഇതിൽ 11 പദ്ധതികൾ പൂർത്തീകരിച്ചു. നാളിതുവരെ പദ്ധതിയ്ക്കായി 132.40 കോടി രൂപ ചെലവഴിച്ചു.

ധാരാളം ജനങ്ങൾ ദിനംപ്രതി സന്ദർശിക്കുന്ന ഗുരുവായൂരിൽ ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കുടിവെള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി വിവിധ മേഖലകളിൽ പൈപ്പ് മാറ്റി സ്ഥാപിക്കൽ, നിലവിലെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കൽ തുടങ്ങി 50.88 കോടി രൂപ ചെലവിൽ 6 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ നഗരത്തിലെ കുളങ്ങളുടെ നവീകരണത്തിനായി 10 കോടി രൂപയുടെ പദ്ധതിയും അമൃത് പദ്ധതിയുടെ ഭാഗമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഗുരുവായൂരിലെ ദ്രവ മാലിന്യ സംസ്കരണത്തിനായി 4.50 കോടി രൂപ ചെലവിൽ 100 KLD ശേഷിയുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണ നിർവ്വഹണ നടപടികൾ നടന്നു വരുന്നു. .

ഗുരുവായൂർ നഗരത്തിന്റെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി നഗര പ്രദേശങ്ങളിലെ വിവിധ റോഡുകളിലും ഗുരുവായൂർ ക്ഷേത്ര സർക്കിളിലുമായി 30 കി.മീ.ദൂരത്തിൽ 13.85 കോടി രൂപ ചെലവിൽ ഓട നിർമ്മാണം നടന്നു വരുന്നു.

നഗരത്തിൽ പാർക്കിംഗ് പ്രശ്നത്തിന് ഒരു പരിഹാരമെന്നോണം 25 കോടി രൂപ ചെലവിൽ മൾട്ടി ലെവൽ കാർപാർക്കിംഗ് സംവിധാനവും, കാൽനട യാത്ര സുഗമമാക്കുന്നതിനായി 8.57 കോടി രൂപ ചെലവിൽ നടപ്പാത നിർമ്മാണവും പുരോഗമിക്കുന്നു. ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ 6 പാർക്കുകളുടെ നവീകരണ പ്രവൃത്തികൾ 5.50 കോടി രൂപ ചെലവിൽ നടന്നു വരുന്നു.

# അമൃത് നഗരങ്ങളിലൂടെ...........

# പാലക്കാട്



നിർമ്മാണം പൂർത്തീകരിച്ച മുനിസിപ്പൽ ട്രാഫിക് പാർക്ക്

കേരളത്തിന്റെ നെല്ലറയായ പാലക്കാട് ജില്ലയിലെ പാലക്കാട് മുനിസിപ്പാലിറ്റിയിലാണ് അമൃത് പദ്ധതി നടപ്പിലാക്കുന്നത്. കാർഷിക പശ്ചാത്തലത്തിൽ നിന്ന് അതിവേഗം നഗരവത്ക്കരിക്കപ്പെടുന്നതിനാൽ നഗരത്തിന് വളരാനാവശ്യമായ അടിസ്ഥാന ഭൗതീക സൗകര്യങ്ങൾ വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ശുദ്ധജല വിതരണം, സിവറേജ് ആന്റ് സെപ്‌റ്റേജ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്‌പോർട്ട്, പാർക്ക് എന്നീ അഞ്ച് മേഖലകളിലായി പാലക്കാട് മുനിസിപ്പാലിറ്റിയിൽ 221.76 കോടി രൂപയുടെ 150 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 222.43 കോടി രൂപയുടെ 150 പദ്ധതികൾക്ക് ഭരണാനുമതിയും 201.77 കോടി രൂപയുടെ 150 പദ്ധതികൾക്ക് സാങ്കേതികാനുമതിയും നൽകി. 199.87 കോടി രൂപയുടെ 150 പദ്ധതികളുടെ ടെന്റർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 176.88 കോടി രൂപയുടെ 149 പദ്ധതികളുടെ വർക്ക് അവാർഡ് ചെയ്തു. 82 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

പാലക്കാട് നഗരസഭ പരിധിയിൽ കാര്യക്ഷമമായ ശുദ്ധജല വിതരണം ഉറപ്പുവരുത്തുന്നതിനായി പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനും ടാങ്കുകളുടെ നിർമ്മാണത്തിനും പമ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുമായി 127.95 കോടി രൂപ ചെലവിൽ പദ്ധതികളുടെ നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നു. നഗരത്തിലെ ദ്രവമാലിന്യ സംസ്ക്കരണം ശാസ്ത്രീയമായ രീതിയിൽ നടത്തുന്നതിനായി സിവറേജ് സെക്ടറിൽ 15.49 കോടി രൂപയുടെ 3 പദ്ധതികൾ ടെന്റർ ചെയ്തിട്ടുണ്ട്.

പാലക്കാട് നഗരസഭ പരിധിയിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി 38.66 കോടി രൂപ ചെലവിൽ സമഗ്ര ഓട നിർമ്മാണ പദ്ധതി (83 പദ്ധതികൾ)യുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. നഗര ഗതാഗത പരിഷ്ക്കരണങ്ങളുടെയും വികസനത്തിന്റെയും ഭാഗമായി നഗരപരിധിയിൽ ഫുട്പാത്ത് നിർമ്മാണം, ഫുട് ഓവർ ബ്രിഡ്ജ് നിർമ്മാണം, സൈക്കിൾ ട്രാക് നിർമ്മാണം, ബസ് സ്റ്റാൻഡ് യാർഡ് നിർമ്മാണം ഉൾപ്പടെ 31.98 കോടി രൂപയുടെ 32 പദ്ധതികൾ അമൃത് പദ്ധതിയുടെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ 8.35 കോടി രൂപ ചെലവിൽ വിവിധ പാർക്കുകളുടെ നവീകരണ നിർമ്മാണ പ്രവർത്തനങ്ങളും പാലക്കാട് മുനിസിപ്പാലിറ്റിയിൽ നടന്നു വരുന്നു.

# അമൃത് നഗരങ്ങളിലൂടെ...........

# കോഴിക്കോട്



പുതിയ ബസ്റ്റാന്റിന് സമീപത്ത് പൂർത്തീകരിച്ച എസ്കലേറ്റർ സംവിധാനത്തോടു കൂടിയ മേൽനടപ്പാത

കേരളത്തിൽ നഗര വിസ്തൃതിയിൽ ഒന്നാം സ്ഥാനമാണ് കോഴിക്കോടിനുള്ളത്. കോഴിക്കോട് കോർപ്പറേഷനിൽ ശുദ്ധജല വിതരണം, സിവറേജ് ആന്റ് സെപ്‌റ്റേജ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്‌പോർട്ട്, പാർക്ക് എന്നീ അഞ്ച് മേഖലകളിലായി 274.76 കോടി രൂപയുടെ 50 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 284.64 കോടി രൂപയുടെ (പുതുക്കിയ ഭരണാനുമതി പ്രകാരം) 50 പദ്ധതികൾക്ക് ഭരണാനുമതിയും 283.95 കോടി രൂപയുടെ 50 പദ്ധതികൾക്ക് സാങ്കേതികാനുമതിയും നൽകി. 278.72 കോടി രൂപയുടെ 50 പദ്ധതികളുടെ ടെന്റർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 278.72 കോടി രൂപയുടെ 50 പദ്ധതികളുടെ വർക്ക് അവാർഡ് ചെയ്തു. ഇതിൽ 40 പദ്ധതികൾ പൂർത്തീകരിച്ചു. പദ്ധതിയ്ക്കായി 109.13 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

കോഴിക്കോട് നഗരത്തിൽ എല്ലാവർക്കും ശുദ്ധജലം ലഭിക്കുന്നതിനായി നഗരത്തിലെ പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതും പമ്പുകൾ മാറ്റി സ്ഥാപിക്കുന്നതും ഉൾപ്പടെ 96.32 കോടി രൂപയുടെ 28 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. നഗരത്തിലെ ദ്രവമാലിന്യ സംസ്ക്കരണം ശാസ്ത്രീയവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ 14.12 കോടി രൂപ ചെലവിൽ 3 MLD ശേഷിയുള്ള സിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ ദ്രവമാലിന്യ സംസ്ക്കരണം കാര്യക്ഷമമാക്കുന്നതിന് 140 കോടി രൂപ ചെലവിൽ 2 സിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളും നടന്നു വരുന്നു.

നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി 41.43 കോടി രൂപ ചെലവിൽ 16 കി.മീ ഓട നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നു. കാൽനട യാത്രക്കാരുടെ സുരക്ഷിതത്വത്തിനും സൗകര്യത്തിനുമായി 11.35 കോടി രൂപ ചെലവിൽ ബസ് സ്റ്റാന്റിന് സമീപം എസ്കലേറ്റർ സൗകര്യത്തോടുകൂടിയ ഫുട് ഓവർ ബ്രിഡ്ജ് നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു. നഗരങ്ങളിലെ വിവിധ പാർക്കുകൾ 4.92 കോടി രൂപ ചെലവിൽ നവീകരിക്കുന്ന പദ്ധതികളും പൂർത്തീകരിച്ചു.

## അമൃത് നഗരങ്ങളിലൂടെ...........

# കണ്ണൂർ

തറികളുടെയും തിറകളുടെയും നാടായ കണ്ണൂരിൽ അതിവേഗമാണ് നഗരവത്ക്കരണ പ്രക്രിയ നടന്നു കൊണ്ടിരിക്കുന്നത്. തദനുസരണമുള്ള അടിസ്ഥാന ഭൗതീക സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. അമൃത് പദ്ധതിയിലുൾപ്പെടുത്തി കണ്ണൂർ കോർപ്പറേഷനിൽ ശുദ്ധജല വിതരണം, സ്വിവറേജ് ആന്റ് സെപ്റ്റേജ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ അഞ്ച് മേഖലകളിലായി 225.72 കോടി രൂപയുടെ 38 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 225.65 കോടി രൂപയുടെ 38 പദ്ധതികൾക്ക് ഭരണാനുമതിയും 200.21 കോടി രൂപയുടെ 38 പദ്ധതികൾക്ക് സാങ്കേതികാനുമതിയും നൽകി. 200.21 കോടി രൂപയുടെ 38 പദ്ധതികളുടെ ടെന്റർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 197.21 കോടി രൂപയുടെ 38 പദ്ധതികളുടെ വർക്ക് അവാർഡ് ചെയ്തു. ഇതിൽ 24 പദ്ധതികൾ പൂർത്തീകരിച്ചു. നാളിതുവരെ പദ്ധതിയ്ക്കായി 130 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

കണ്ണൂർ നഗരത്തിലെ കുടിവെള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പള്ളിക്കുന്ന്, പുഴാതി മേഖലകളിലേയ്ക്ക് ജലം എത്തിക്കുന്നതിനായി 23.5 കോടി രൂപ ചെലവിൽ വളപട്ടണം നദിക്ക് കുറുകെ ഗ്രാവിറ്റി വാട്ടർ ലൈൻ പൈപ്പ് സ്ഥാപിക്കുന്ന പദ്ധതി, 79 കോടി രൂപ ചെലവിൽ വിവിധ മേഖലകളിൽ പൈപ്പ് മാറ്റി സ്ഥാപിക്കലും പുതിയ പൈപ്പ് സ്ഥാപിക്കലും പദ്ധതി, നിലവിലെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി 7.8 കോടി രൂപയുടെ പദ്ധതി. വിവിധ സ്ഥലങ്ങളിൽ 7 കോടി രൂപ ചെലവിൽ ഓവർ ഹെഡ് ടാങ്ക് നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ നടന്നു വരുന്നു.

ദ്രവമാലിന്യം ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനായി ചേലോറയിൽ 3.42 കോടി രൂപ ചെലവിൽ 100 KLD സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റും പടന്നപാലത്ത് 46.81 കോടി രൂപ ചെലവിൽ 1 MLD സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കുന്നതിനുള്ള നിർമാണ നിർവ്വഹണ നടപടികൾ സ്വീകരിച്ചു വരുന്നു. നഗരത്തിലെ



നവീകരിച്ച ശ്രീ നാരായണ പാർക്ക്

വെള്ളക്കെട്ട് പ്രശ്നം പരിഹരിക്കുന്നതിനായി നഗരത്തിലെ വിവിധ മേഖലകളിൽ 105 കി.മീ ദൈർഘ്യത്തിൽ 39.60 കോടി രൂപ ചെലവിൽ ഓട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

വർദ്ധിച്ചു വരുന്ന പാർക്കിംഗ് പ്രശ്നത്തിന് പരിഹാരമായി അമൃത് പദ്ധതിയുടെ അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ ഉൾപ്പെടുത്തി സ്റ്റേഡിയം വളപ്പിലും ബാങ്ക് റോഡിലും 9.54 കോടിരൂപ ചെലവിൽ മൾട്ടി ലെവൽ കാർപാർക്കിംഗ് സംവിധാനവും കാൽനടയാത്രയ്ക്ക് സൗകര്യമൊരുക്കാനായി കണ്ണൂർ ബസ് സ്റ്റാൻഡ്, പയ്യാമ്പലം ബീച്ച് റോഡിൽ 3.82 കോടി രൂപ ചെലവിൽ സൈക്കിൾ ട്രാക്ക്, നടപ്പാത എന്നിവയുടെ നിർമാണവും നടന്നു വരുന്നു.

2.19 കോടി രൂപ ചെലവിൽ എസ്.എൻ. പാർക്ക്, ആനകുളം പാർക്ക് തുടങ്ങിയവ നവീകരിച്ചിട്ടുണ്ട്. കൂടാതെ നഗരത്തിലെ ചേലോറ പാർക്കിൽ 1.4 കോടി രൂപ ചെലവിൽ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

# ജല ശക്തി അഭിയാൻ

ഭവന നഗരവികസന മന്ത്രാലയത്തിന്റെ അഭിമാന പദ്ധതിയായ അമൃതിന്റെ ഉന്നതാധികാര സമിതി നഗരങ്ങളിലെ പ്രധാന പ്രശ്നമായ ജല ദൗർലഭ്യം പരിഹരിക്കുന്നതിന് മുൻഗണന നൽകുന്ന രീതിയിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ജല ശക്തി അഭിയാൻ. എല്ലാ നഗരവാസികൾക്കും സദാനേരവും ശുദ്ധജലം ടാപ്പ് മുഖേന നൽകുക, ജല സംരക്ഷണം, ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം, ജലപുനരുപയോഗം തുടങ്ങിയവ ഉറപ്പ് വരുത്തുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതിക്കുള്ളത്. പദ്ധതിയുടെ മുന്നൊരുക്കമായി നഗരസഭകൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ നടത്തേണ്ടതുണ്ട്.

JAL SHAKTI ABHIYAN
Sanchay Jal, Behtar Kal

ജല സ്രോതസ്സുകളുടെ (കിണറുകൾ, കുഴൽ കിണറുകൾ, കുളങ്ങൾ, നദികൾ, തുടങ്ങിയവ) പട്ടിക, വ്യവസായ സ്ഥാപനങ്ങൾ, കെട്ടിട സമുച്ചയങ്ങൾ തുടങ്ങിയവയുടെ ആവശ്യത്തിന് കുടിവെള്ളമാണ് ഉപയോഗിക്കുന്നതെങ്കിൽ അവയുടെ പട്ടിക, ജലപുനരുപയോഗം സാധ്യമാക്കിയ സ്ഥാപനങ്ങളുടെ പട്ടിക, നിലവിൽ പൈപ്പ് വെള്ളം



ഉപയോഗിക്കുന്ന വീടുകളുടെ പട്ടിക, പൈപ്പ് വെള്ളം ഇനി ലഭിക്കേണ്ട വീടുകളുടെ പട്ടിക എന്നിവ തയ്യാറാക്കുക. വരുന്ന 30-50 വർഷങ്ങളിലെ ജല ലഭ്യത, ഉപയോഗം (സിറ്റി വാട്ടർ പ്ലാൻ) എന്നിവയുടെ പഠനം, മലിനീകരണപ്പെട്ട ജലസ്രോതസ്സുകളുടെ വിവര ശേഖരണം, നഗരത്തിലെ മലിനജലം നീക്കം ചെയ്യൽ, സംസ്ക്കരണം എന്നിവയുടെ നിലവിലെ സ്ഥിതി, എല്ലാ നഗര വാസികൾക്കും പൈപ്പ് മുഖേന ശുദ്ധജലം ലഭ്യമാക്കുന്നതിന് നിലവിലുള്ള പദ്ധതി ഇല്ലെങ്കിൽ അത്തരം പദ്ധതികൾ ആസൂത്രണം ചെയ്യുക, നഗരം പൂർണ്ണമായും മാലിന്യ മുക്തമാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക, നഗരത്തിലെ ജല സ്രോതസ്സുകളുടെ സംരക്ഷണം, പുനരുജ്ജീവനം എന്നിവയ്ക്കുള്ള പദ്ധതി തയ്യാറാക്കുക തുടങ്ങിയ കാര്യങ്ങളെ ആസ്പദമാക്കി തയ്യാറാക്കുന്ന വിശദമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ.

# അമൃത് പരിഷ്ക്കരണ നാഴികക്കല്ലുകൾ താണ്ടിയതിൽ സംസ്ഥാനം രാജ്യത്ത് മുൻപന്തിയിൽ. . . .



കേന്ദ്ര സർക്കാർ രാജ്യത്തെ നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന പദ്ധതിയാണ് അമൃത്. എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായിതെരെഞ്ഞെടുത്ത 500 നഗരങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിൽ6 കോർപ്പറേഷനുകളിലും (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ) ആലപ്പുഴ, ഗുരുവായൂർ, പലക്കാട് എന്നീ 3 മുനിസിപ്പാലിറ്റികളിലുമായി 9 നഗരങ്ങളിലാണ്അമൃത് പദ്ധതി നടപ്പിലാക്കുന്നത്.

നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം കൂടാതെ തദ്ദേശ നഗര സ്ഥാപനങ്ങളുടെ കാര്യശേഷി വികസനവും പരിഷ്ക്കരണങ്ങളും അമൃത് പദ്ധതി ലക്ഷ്യമിടുന്നുണ്ട്. നഗരസഭകളിൽ നിന്ന് പൗരൻമാർക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുക, സേവന വിതരണത്തിനുള്ള ചെലവ് കുറയ്ക്കുക, നഗരസഭകളുടെ സാമ്പത്തികശേഷി മെച്ചപ്പെടുത്തുക, വിഭവശേഷി വർദ്ധിപ്പിക്കുക, സുതാര്യത ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങൾക്കായുള്ള 11 നഗര ഭരണ പരിഷ്ക്കരണങ്ങളും അവ കൈവരിക്കുന്നതിനുള്ള 54 നാഴികക്കല്ലുകളുമാണ് പരിഷ്ക്കരണങ്ങൾ നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. ഈ നാഴികക്കല്ലുകളെല്ലാം തന്നെ 2015-20 കാലയളവിൽ കൈവരിക്കേണ്ടതായുണ്ട്.

ഈ പരിഷ്ക്കരണങ്ങളുടെ ഭാഗമായി നഗരസഭകൾകൈവരിച്ച നേട്ടങ്ങൾ സ്വയം വിലയിരുത്തി വാർഷിക സ്കോർകാർഡ് സംസ്ഥാനത്തിന് നൽകുകയുംസംസ്ഥാനങ്ങൾ അവ ക്രോഡീകരിച്ച് കേന്ദ്ര നഗരവികസന മന്ത്രാലയത്തിന് സമർപ്പിക്കുകയുംചെയ്യുന്നു. ഇതിന്റെഅടിസ്ഥാനത്തിൽകേന്ദ്രത്തിൽടൗൺ & കൺട്രി പ്ലാനിംഗ്ഓർഗനൈസേഷൻ (TCPO) എന്ന സ്ഥാപനം നഗരസഭകളിലെ പരിഷ്ക്കരണങ്ങളെയും അവ കൈവരിച്ച നേട്ടങ്ങളെയും പുനരവലോകനം ചെയ്ത്സംസ്ഥാനങ്ങൾ സ്കോർ നേടിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നു. സ്കോർ 70% ത്തിൽകൂടുതലാണെങ്കിൽകേന്ദ്ര മന്ത്രാലയംസംസ്ഥാനത്തിന്റെവാർഷിക പദ്ധതിയുടെ 10% തുക പ്രോത്സാഹനമായി അനുവദിക്കുന്നു.

ഇതിന്റെ ഭാഗമായി കഴിഞ്ഞ നാലു വർഷമായി സംസ്ഥാനം അമൃത് നഗരങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിഷ്ക്കാരങ്ങൾ വർഷാവർഷം കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും തുടർച്ചയായി നാലുവർഷം പരിഷ്ക്കരണ നാഴികക്കല്ലുകൾ കൈവരിച്ചതിന് പ്രോത്സാഹനമായി 59.82 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

അമൃത് പദ്ധതി പരിഷ്ക്കരണ നാഴികക്കല്ലുകൾ കൈവരിച്ചതിന് പ്രോത്സാഹനമായി തുടർച്ചയായി 4 വർഷവും പ്രോത്സാഹന തുക ലഭിച്ചത് ആകെയുള്ള 36 ൽ 12 സംസ്ഥാന-കേന്ദ്രഭരണ പ്രദേശങ്ങൾക്കാണ്. ഈ പ്രോത്സാഹന തുക തുടർച്ചയായി നേടിയ 12 സംസ്ഥാന-കേന്ദ്രഭരണ പ്രദേശങ്ങളിലൊന്നാണ് നമ്മുടെ സംസ്ഥാനം. അമൃത് പരിഷ്ക്കരണ നേട്ടങ്ങളിൽ 7-ാംസ്ഥാനമാണ് ദേശീയതലത്തിൽ കേരളം കൈവരിച്ചത്.

| കാലയളവ് | അംഗീകാരത്തിനായി സംസ്ഥാനം സമർപ്പിച്ച സ്കോർ | കേന്ദ്രം അംഗീകരിച്ച് നൽകിയ സ്കോർ | പ്രോത്സാഹനമായി ലഭിച്ച തുക |
|---|---|---|---|
| 2015 - 16 | 268/280 | 227/280 | 15.00 കോടി |
| 2016 - 17 | 101/130 | 98/130 | 16.68 കോടി |
| 2017 - 18 | 96/100 | 92.5/100 | 15.89 കോടി |
| 2018 - 19 | 24.5/30 | 24/30 | 12.25 കോടി |
| ആകെ ലഭിച്ച പ്രോത്സാഹന തുക | | | 59.82 കോടി |

## അമൃത് പദ്ധതി സൂചിക (30.04.2021 പ്രകാരം)

**2357.69 കോടി രൂപയുടെ 1005 പദ്ധതികൾ**
**2268.94 കോടി രൂപയുടെ 1005 പദ്ധതികൾക്ക് ഭരണാനുമതി**
**2152.03 കോടി രൂപയുടെ 1000 പദ്ധതികൾക്ക് സാങ്കേതികാനുമതി**
**2144.94 കോടി രൂപയുടെ 1000 പദ്ധതികൾ ടെന്റർ ചെയ്തു.**
**1976.87 കോടി രൂപയുടെ 979 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു.**
**673 പദ്ധതികൾ പൂർത്തീകരിച്ചു. 1126 കോടി രൂപ നാളിതുവരെ ചെലവഴിച്ചു.**